E4039
14/11/17

**GOVERNMENT OF KERALA**

**Abstract**

Electronics and Information Technology Department-Kerala Fibre Optic Network (K-FON) implementation-formation of Joint Venture Company-in-principle approval-Sanction accorded-orders issued.

**ELECTRONICS AND INFORMATION TECHNOLOGY(B) DEPARTMENT**

**G.O.(Ms)No. 22/2017/ITD** Dated,Thiruvananthapuram,13/10/2017

Read: 1 G.O.(Ms)No. 10/2017/ITD dated 18/05/2017
2 Minutes of the Meeting held by Chief Secretary on 14/09/2017

**ORDER**

Government, vide GO read as 1st paper above had accorded Administrative Sanction for an amount of Rs.1028.20 Crores for the Kerala Fibre Optic Network (K-FON). Kerala Fibre Optic Network (KFON) aims to build a state wide optical fibre network infrastructure for providing high speed connectivity to all Government, Educational institutions and leveraging the network to the Telecom/Internet service providers on non discriminatory basis to provide quality and affordable internet services to the citizens. This network will provide hindrance free access to Government and non-Governmental services, apart from educational, health, social welfare, entertainment and knowledge based service facilities to common people through computer and mobile phone. With the project implementation, free internet connection will be provided to poor families in the state and also provide internet services at a lower rate to others.

2) In the meeting chaired by Chief Secretary on 14/09/2017 with Kerala State Electricity Board Limited (KSEBL), Kerala State IT Infrastructure Limited (KSITIL) and Kerala State IT Mission (KSITM) discussed the strategy for the implementation of K-FON project. Having examined the decisions of the meeting in detail, Government are pleased to grant an in-principle approval for the formation of a Joint Venture (JV) company with the association of KSITIL and KSEB with equal equity participation for the implementation of K-FON project with Kerala Infrastructure Investment Fund Board (KIIFB) assistance. The equity participation of KSEB in the new Joint Venture Company will be treated as quid pro quo for sharing the assets and resources of KSEB for the implementation of the project.

Government are also pleased to constitute a core committee with Chairman & Managing Director, KSEB as Chairman of the committee and Secretary (IT), KSITIL/KSITM officials as members to formulate a draft Memorandum of Association, Articles of Association and organizational structure of the proposed Joint Venture company.

KSITIL is also entrusted with the preparation of Request for Proposal(RFP) with the support of KSEB engineers and also authorised to proceed with preparatory works for tendering the project.

3) From its formation, the Joint Venture company will be the implementing agency of K-FON . The Government Order read as 1st paper above stands modified to this extent.

By order of the Governor

M SIVASANKAR IAS
SECRETARY TO GOVERNMENT

To:- The Managing Director, Kerala State IT Infrastructure Limited, Thiruvananthapuram.
The Director, Kerala State IT Mission, Thiruvananthapuram.
The Chairman and Managing Director, Kerala State Electricity Board, Thiruvananthapuram
The Principal Accountant General (G & SSA) Kerala, Thiruvananthapuram
The Principal Accountant General (A & E), Kerala, Thiruvananthapuram
Finance Department
Power Department
General Administration (SC) Department (vide Item No. 1144 dated 28.06.2017 of Council of Ministers)
Information Officer, Web and New Media Division, I & PRD (for publishing in the website)
Stock File/Office copy.

Forwarded/By order

Section officer

Copy to:
1) PS to ACS Power Department
2) PS to Principal Secretary, Finance Department
3) PA to Secretary (E & IT)
4) CA to JS

1877365/2017/IT(OS)

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-10-2017

ഫയൽ നം.ഐ.ടി-ബി1/54/2017/വി.സ.വ. ഇനം നം: 1527

വിഷയം : ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ് - കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്

Issue 90

11/10

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഐ.ടി.ബി 1/54/2017/വിസവ |
| 2 | വകുപ്പ് | : | ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (ബി) വകുപ്പ് |
| 3 | വിഷയം | : | കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22.09.2017 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അല്ല. |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. വിനോദ്.ജി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. എം. ശിവശങ്കർ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.09.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. കെ.എം. എബ്രഹാം |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.10.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09.10.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10.10.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും. | : | G.O.(Ms) No. 22/2017/ITD dated 13/10/17 |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സർക്കാർ സ്ഥാപനങ്ങൾക്കും വളരെ വേഗതകൂടിയ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതിനും പൊതുജനങ്ങൾക്ക് ഗുണമേന്മയാർന്നതും മിതമായ നിരക്കിൽ ഇന്റർനെറ്റ് സർവ്വീസ് നൽകുന്നതിന് ഉതകുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് ഈ ഫയലിലെ വിഷയം.

2) 2016 ലെ ബഹു: കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകൾക്കും വയേർഡ് കണക്റ്റിവിറ്റി ലഭ്യമാക്കുവാനും ആയത് 2 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു.

3) പിന്നീട്, 2017 ലെ സംസ്ഥാന ബഡ്ജറ്റിൽ പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സാർവ്വത്രിക ഇന്റർനെറ്റ് സൗകര്യം എല്ലാ പൗരന്മാർക്കും സർക്കാർ സംവിധാനത്തിൽ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി വിതരണ സംവിധാനത്തിന് സമാന്തരമായി ഒരു പുതിയ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല രൂപീകരിച്ച് സർക്കാർ സർക്കാരിതര സേവനങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമ സൗകര്യങ്ങൾ, വിനോദ വിജ്ഞാന സേവനങ്ങൾ മുതലായവ കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ മുഖാന്തരം സാധാരണക്കാർക്ക് കടമ്പകളില്ലാതെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു.

4) കേരള സംസ്ഥാന ഐ.ടി.മിഷൻ ഡയറക്ടർ സമർപ്പിച്ച 1028.20 കോടി രൂപ മതിപ്പുതുക കണക്കാക്കപ്പെടുന്ന വിശദമായ പദ്ധതി റിപ്പോർട്ട്, 19.01.2017, 26.04.2017 എന്നീ തീയതികളിൽ ചേർന്ന അപെക്സ് കമ്മിറ്റി പരിഗണിക്കുകയും KIIFB(Kerala Infrastructure Investment Fund Board) യുടെ ധനസഹായ ത്തോടുകൂടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിൻപ്രകാരം 18.05.2017 ലെ സർക്കാർ ഉത്തരവ്(കൈ)നം.10/2017/ ഐ.ടി.ഡി. ഉത്തരവിലൂടെ ഭരണാനുമതി നൽകുകയും ചെയ്തു. സംസ്ഥാന ഐ.ടി. വകുപ്പിന് കീഴിലുള്ള കമ്പനിയായ KSITIL നെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തു. K.S.E.B യുടെ പങ്കാളിത്തത്തോടുകൂടി 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

5) പദ്ധതിയുടെ നടത്തിപ്പിനായി 08.09.2017 ലെ സർക്കാർ ഉത്തരവ്(സാധാ) നം.207/2017/ഐ.ടി.ഡി. പ്രകാരം ഐ.ടി സെക്രട്ടറി കൺവീനർ ആയ ഒരു എക്സ്പെർട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

6) KIIFB യുടെ 17.09.2017 ലെ APR/3/140/2017/KIIFB ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിനായി 823 കോടി രൂപയുടെ ധനാനുമതി ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ ടെലികമ്മ്യൂണിക്കേഷൻ- വകുപ്പിന്റെ USOF (Universal Service Obligation Fund) ൽ നിന്ന് ധനസഹായത്തിന് അഭ്യർത്ഥിച്ചിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്.

7) K-FON പദ്ധതി നടപ്പിലാക്കുന്നതിന് KSITIL, KSEB എന്നീ കമ്പനികൾ തമ്മിൽ ഉണ്ടാക്കേണ്ട കരാർ നിബന്ധനകൾ നിശ്ചയിക്കുന്നതിനായി 14.09.2017 ൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി, KSEB, KSITIL, KSITM അംഗങ്ങൾ പങ്കെടുത്ത

യോഗത്തിൽ KSEBL ഉം KSITIL ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടുകൂടി ഒരു സംയുക്ത സംരംഭം (Joint Venture Company) രൂപീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ കമ്പനിയ്ക്കായിരിക്കും K-FON ന്റെ നടത്തിപ്പ് ചുമതല. സംയുക്തസംരംഭ പദ്ധതിയുമായി മുന്നോട്ട് പോകാൻ KSEB യ്ക്ക് ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അനുമതി തേടേണ്ടതാണ്.

8) പദ്ധതി നടത്തിപ്പിനായി KSEB യുടെ വിഭവശേഷി ഉപയോഗിക്കുന്നതിനു പകരമായി പുതുതായി രൂപീകരിക്കുന്ന ജോയിന്റ് വെൻച്വർ കമ്പനിയുടെ 50% ഓഹരികൾ KSEB യ്ക്ക് നൽകണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനമുണ്ടായി. ആസ്തി പങ്കിടൽ, സംയുക്ത സംരംഭത്തിന്റെ ഘടന, രണ്ട് സ്ഥാപനങ്ങളുടേയും പങ്ക് എന്നിവ വിശദീകരിക്കുന്ന Memorandum of Association ന്റെയും Articles of Association ന്റെയും കരട് രൂപീകരിക്കുന്നതിനായി KSEB ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അധ്യക്ഷനും, ഐ.ടി സെക്രട്ടറിയും KSEB, KSITIL, KSITM ഉദ്യോഗസ്ഥരും അംഗങ്ങളായി ഒരു കോർ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. മേൽപ്പറഞ്ഞതിലേയ്ക്കായി KSEB യുടെ സഹായത്തോടുകൂടി സൂക്ഷ്മ പരിശോധന നടത്തിയ ഒരു നിയമരേഖ തയ്യാറാക്കാൻ KSITIL നെ പ്രസ്തുത യോഗം ചുമതലപ്പെടുത്തി.

9)KSEB എഞ്ചിനീയർമാരുടെ സഹായത്തോടുകൂടി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) തയ്യാറാക്കുന്നതിനായി KSITIL നെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി നവംബർ 15, 2017 നകം പൂർത്തിയാക്കുവാൻ തീരുമാനിക്കുകയുണ്ടായി.

10) ഇതേസമയം K-FON സംയുക്തപദ്ധതി നടപ്പിലാക്കുന്നതിനായി

തത്വത്തിൽ അംഗീകാരം നേടുന്നതിന് ഐ.ടി. വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

11) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1. കിഫ്ബിയുടെ സഹായത്തോടെയുള്ള K-FON പദ്ധതി നടത്തിപ്പിനായി KSEB യും KSITIL ഉം ചേർന്ന് തുല്യഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകാമോ?

2. മേൽ പരാമർശിച്ച പ്രകാരമുള്ള ജോയിന്റ് വെൻച്വർ കമ്പനിയുടെ രൂപീകരണത്തിനുവേണ്ടി കരട് Memorandum of Association ഉം Articles of Association ഉം, സ്ഥാപനത്തിന്റെ ഘടനയും നിശ്ചയിക്കുന്നതിനായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KSEB, അദ്ധ്യക്ഷനായും ഐ.ടി. സെക്രട്ടറി, KSITIL ലെയും KSITM ലെയും നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അംഗങ്ങളായും ഉള്ള ഒരു കോർ കമ്മിറ്റി രൂപീകരിക്കാമോ?

3. പദ്ധതിയുടെ ടെൻഡർ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുവാൻ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) ചുമതലപ്പെടുത്താമോ?

GOVERNMENT OF KERALA

(SHRI. PINARAYI VIJAYAN MINISTRY)

## NOTE FOR COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File Number | : | IT- B1/54 /2017/ITD. |
| 2 | Department | : | Electronics & Information Technology (B) Dept. |
| 3 | Subject | : | Implementation of Kerala Fibre Optic Network (K-FON) project in the State -reg. |
| 4 | Date of Chief Minister's order for placing before the Council | : | 22.09.2017 |
| 5(i) | Does the case involve financial commitments/implications | : | No |
| (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Shri. Vinod. G |
| 8. | Name of Secretary who approved the Draft Note | : | Shri. M. Sivasankar |
| 9. | Date of Approval of the Draft Note for the Council by the Secretary. | : | 25.09.2017 |
| 10. | Name of Chief Secretary who approved the Draft Note. | : | **Dr. K.M . Abraham** |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 03.10.2017 |
| 12. | Name of Minister who approved the Draft Note | : | **Shri. Pinarayi Vijayan** |
| 13. | Date of approval of the Draft Note for the Council by the Minister. | : | 09.10.2017 |
| 14. | Date of submission of fair copies | : | 10.10.2017 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and Date of the G.O./ letter communicating the decision. | : | G.O.(Ms)No.22/2017/ITD dated 13/10/17 |

## Note for Council of Ministers

This note deals with the implementation of Kerala Fibre Optic Network (K-FON) which provides high speed internet connectivity to all Government/Educational institutions and to provide quality and affordable internet services to the citizens.

2) In the Governor's address, 2016 it was announced that an ambitious plan to provide wired connectivity to all Government offices using the distribution infrastructure of Kerala State Electricity Board Ltd.(KSEBL) will be launched and completed in two years time .

3) Later in the Budget Speech, 2017 Government has announced that free internet connection will be provided to 20 lakhs poor families in the state. For others, internet services will be provided at a lower rate. The universal basic internet facility will be made available to all citizens and Government machinery through a new Optic Fibre pathway created in parallel to KSEB electric power network. For achieving this goal, a state wide optical network named Kerala Fibre Optic Network (**K-FON**) need be established. This network will provide hindrance free access to Government and non-Government services, educational, health, social welfare, entertainment and knowledge based service facilities to common people through computer and mobile phone.

4) The Director, Kerala State IT Mission (KSITM) has submitted a Detailed Project Report(DPR) for an estimated cost of Rs:1028.20 crores and the Apex Committee met on 19.01.2017 and 26.04.2017 reviewed the DPR and directed to issue Administrative Sanction(AS) for the project with Kerala Infrastructure Investment Fund Board (KIIFB) funding. Subsequently,

Administrative Sanction was issued as per G.O(Ms)No.10/2017/ITD dated 18.05.2017. Kerala State IT infrastructure Ltd (KSITIL), a company under ITD was designated as the Implementing Agency. It was specified that the project would be executed with the association of KSEB. Project completion period is 18 months from project kick-off.

5) As per G.O(Rt)No.207/2017/ITD dated 08/09/2017, an Expert Technical Committee was constituted for the implementation of the project with Secretary (E & IT) as the convenor.

6) Vide order No. APR/3/140/2017/KIIFB dated 17.09.2017, KIIFB agreed to fund an amount of Rs. 823 crores for this project. Funding support from USOF(Universal Service Obligation Fund of Department of Telecommunication) is also requested and communication in this regard has been sent to Secretary, Telecommunication, GOI.

7) In the meeting chaired by Chief Secretary on 14.09.2017 with the KSEB, KSITIL and KSITM to finalize the tie-up model between KSITIL and KSEB for implementation of the KFON project, it was decided to form a Joint Venture company(JV) of KSEBL and KSITIL with equal equity participation. This company will be the implementing agency of KFON. KSEB may get approval of the Board of Directors to proceed with the project with joint ownership.

8) It was decided that 50% share of KSEB in the new Joint Venture Company will be treated as quid pro quo for sharing the assets and resources of KSEB for the implementation of the project. A core committee shall be formed under the chairmanship of the Chairman and Managing Director, KSEB with IT Secretary and other officials from KSEB and KSITIL/KSITM as members to formulate the draft Memorandum of Association and Articles of Association detailing asset sharing, the organizational structure of the Joint Venture and key roles of both institutions etc. KSITIL has been entrusted with the task of

preparing a fully vetted legal document for the above with the professional assistance of KSEB.

9) Decision was taken to entrust KSITIL with the preparation of Request For Proposal(RFP) with the support of engineers of KSEB so that the RFP can be released by 15th November, 2017.

10) The meeting inter-alia decided that IT Department will take necessary steps to get an in-principle approval for the proposal for the implementation of KFON project.

11) When the file was circulated to the Hon'ble CM, it was ordered to be placed before the Council of Ministers.

**Points for decision**

1) Whether an in-principle approval may be granted for the formation of a Joint Venture company with the association of KSITIL and KSEB with equal equity participation for the implementation of K-FON project with KIIFB assistance?
2) Whether a core committee with Chairman & Managing Director, KSEB as Chairman and Secretary (IT), KSITIL/KSITM officials as members be formed to formulate a draft Memorandum of Association, Articles of Association and organizational structure of the proposed company?
3) Whether Kerala State IT Infrastructure Ltd (KSITIL) may be authorized to proceed with preparatory works for tendering the project?